കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതശിശു വികസന വകുപ്പ്- "വൺ ഡേ ഹോം പദ്ധതി"- 2025-26-സാമ്പത്തിക വർഷം തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന(ബി) വകുപ്പ്

**G.O.(Rt)243/2025/WCDD** **Dated,31/05/2025**

എ.എസ് നമ്പർ : AS/WCD/25/42124 കാലാവധി : 31/03/2026

AS/WCD/25/42124

പരാമർശം:-
1. സ.ഉ(സാധാ) നം. 400/2017/സാനീവ തീയതി 22.06.2017.
2. വനിത ശിശു വികസന ഡയറക്ടറുടെ 28.03.2025-ലെ DWCD/1988/2025-WEC1 നമ്പർ കത്ത്.
3. 03.04.2025-ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.
4. സ.ഉ.(സാധാ)നം.210/2025/ഡബ്ല്യുസിഡിഡി തീയതി.27/05/2025.

<u>ഉത്തരവ്</u>

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസസൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിലുള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ടി സ്ഥാപനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ റിക്കറിംഗ് ചെലവ് ഇനത്തിൽ 14,31,839/- രൂപയും നോൺ റിക്കറിംഗ് ചെലവ് ഇനത്തിൽ 2,00,000/- രൂപയും ചേർത്ത് ആകെ 16,31,839/- (പതിനാറ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപ ആവശ്യമായിട്ടുണ്ടെന്നും മേൽ

സാഹചര്യത്തിൽ തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിലുള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ പ്രവർത്തിക്കുന്ന ഏകദിന വസതിയുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായുള്ള 16,31,839/- (പതിനാറ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപ നടപ്പു വർഷത്തെ 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | |
| 1 | മൾട്ടി ടാസ്ക് സ്റ്റാഫുകളുടെ ഓണറേറിയം | 18390*2*12 | 4,41,360/- |
| 2 | ദിവസവേതന ജീവനക്കാരുടെ ഓണറേറിയം | 650*10*12 | 78000/- |
| 3 | കെട്ടിട വാടക | 100000*6 | 600000/- |
| 4 | വേസ്റ്റ് ഡിസ്പോസൽ | 3000*12 | 36000/- |
| 5 | വാട്ടർ ചാർജ്ജ് | 6000*12 | 72000/- |
| 6 | ഇലക്ട്രിസിറ്റി ചാർജ്ജ് | 25000*6 +13879(Feb) + 13000(march) | 176879/- |
| 7 | ഡിഷ് ടി. വി. ചാർജ്ജ് | 300*12 | 3600/- |
| 8 | ടെലഫോൺ ചാർജ്ജ് | 1000*12 | 12000/- |
| 9 | എ.സി സർവ്വീസ് | 2000*3*2 | 12000/- |
| | | | **1431839/-** |

<u>Non-Recurring Expense</u>

| ക്രമ നം | ഇനം | ആകെ |
|---|---|---|
| 1 | കണ്ടിജൻസി എക്സ്പെൻഡിച്ചർ | 50000/- |
| 2 | റൂം ഫർണിഷിംഗ് | 75000/- |
| 3 | മിസലേനിയസ് | 75000/- |
| | ആകെ | **200000/-** |

Grand Total = 16,31,839/- (പതിനാറ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം)

ASWCD/25/4/2124

(2) 03.04.2025-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശിപാർശയ്ക്ക് സമഗ്ര ഭരണാനുമതി നല്കുവാൻ തീരുമാനിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം സമഗ്ര ഭരണാനുമതി നല്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിലുള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ പ്രവർത്തിക്കുന്ന ഏകദിന വസതിയുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായുള്ള 16,31,839/-(പതിനാറ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം)രൂപ നടപ്പു വർഷത്തെ 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വൺ ഡേ ഹോം പദ്ധതി 2025 26 സാമ്പത്തിക വർഷം തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി | 16,31,839 |
| ആകെ (പതിനാറ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത് രൂപ) | | **16,31,839** |

AS/WCD/25/42124

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

Women and Child Development

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.10 03:28:27 +05:30

AS/WCD/25/42124